ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 26.07.2026** **TIME : 07.25 AM**

## പ്രധാന വാർത്തകൾ

1. കേന്ദ്ര മന്ത്രി ധർമേന്ദ്ര പ്രധാന്റെ രാജി രാഷ്ട്രപതി ദ്രൗപദി മുർമു സ്വീകരിച്ചു ; പ്രൾഹാദ് ജോഷിയ്ക്ക് വിദ്യാഭ്യാസ മന്ത്രാലയത്തിന്റെ അധിക ചുമതല.

   **President Droupadi Murmu has accepted the resignation of Union Education Minister Dharmendra Pradhan. Union Minister Prahlad Joshi has been given additional charge of the Ministry of Education.**

2. പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ പ്രതിമാസ റേഡിയോ പ്രഭാഷണ പരിപാടി മൻ കീ ബാത്ത് ഇന്ന് രാവിലെ 11 മണിക്ക്; 136-ാം പതിപ്പ് ആകാശവാണിയിലും ദൂരദർശനിലും തത്സമയം ലഭ്യമാകും.

   **Prime Minister Narendra Modi's monthly radio programme Mann Ki Baat will be broadcasted today at 11:00 a.m. The 136th edition of the programme will be aired live on All India Radio and Doordarshan.**

3. രാജ്യത്തിനായി ജീവൻ ബലിയർപ്പിച്ച ധീരസൈനികരെ അനുസ്മരിച്ച് ഇന്ന് 27-ാം കാർഗിൽ വിജയ് ദിവസ്; ഏതു വെല്ലുവിളിയും നേരിടാൻ ഇന്ത്യ സജ്ജമെന്ന് രാജ്യരക്ഷാ മന്ത്രി രാജ്നാഥ് സിങ്.

   **The 27th Kargil Vijay Diwas is being observed today, paying tribute to the brave soldiers who laid down their lives for the nation. Defence Minister Rajnath Singh says Indian Defence Forces stand fully prepared to face any challenge.**

4. വികസിത് വൈബ്രന്റ് വില്ലേജ് പരിപാടിയിൽ പങ്കെടുത്ത യുവജനങ്ങളുമായി പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്ന് വൈകിട്ട് വീഡിയോ കോൺഫറൻസിംഗിലൂടെ സംവദിക്കും.
**Prime Minister Narendra Modi will interact with participants of the Viksit Vibrant Village Programme 2026 via video conferencing this evening.**

5. കേരളത്തിൽ മഴ ശക്തമാകും ; നാളെ ആറ് ജില്ലകളിൽ മഞ്ഞ ജാഗ്രത. ശക്തമായ കാറ്റിനും സാധ്യതയെന്ന് മുന്നറിയിപ്പ്.
**Rain is expected to intensify across Keralam. Yellow Alert has been issued in six districts tomorrow. The weather department has also warned of the possibility of strong winds.**

6. ലോക സ്ക്വാഷ് ജൂനിയർ ചാമ്പ്യൻഷിൽ പെൺകുട്ടികളുടെ സിംഗിൾസിൽ ഇന്ത്യൻ താരം അനാഹത് സിംഗിന് കിരീടം. .
**In Squash, Top-seed Anahat Singh has scripted history by becoming the first Indian to clinch the World Junior Championships.**

*****************************

## GOVT– CJP TALKS (INTRO)

നീറ്റ് ചോദ്യപേപ്പർ ചോർച്ച വിഷയത്തിൽ കേന്ദ്ര വിദ്യാഭ്യാസ മന്ത്രി ധർമേന്ദ്ര പ്രധാൻറെ രാജിയെ തുടർന്ന് സി.ജെ.പി യുടെ നേതൃത്വത്തിൽ ന്യൂഡൽഹിയിൽ നടന്നുവന്നിരുന്ന സമരം അവസാനിപ്പിച്ചു. കേന്ദ്ര സർക്കാരുമായി നടത്തിയ ചർച്ച വിജയിച്ചതിനെ തുടർന്നാണ് സമരം അവസാനിപ്പിക്കുന്നതെന്ന് സി.ജെ.പി പ്രതിനിധികൾ അറിയിച്ചു. കേന്ദ്ര വിദ്യാഭ്യാസമന്ത്രി സ്ഥാനത്ത് നിന്നും ധർമേന്ദ്ര പ്രധാൻ രാജി വെച്ചതുൾപ്പെടെയുള്ള പ്രധാന ആവശ്യങ്ങൾ കേന്ദ്ര സർക്കാർ അംഗീകരിച്ചതായി സി.ജെ.പി പ്രതിനിധികൾ സംയുക്ത വാർത്താസമ്മേളനത്തിൽ വ്യക്തമാക്കി. ഡൽഹിയിലും മറ്റ് സംസ്ഥാനങ്ങളിലും വിദ്യാർത്ഥി പ്രതിഷേധക്കാർക്കെതിരെ രജിസ്റ്റർ ചെയ്ത എല്ലാ കേസുകളും പിൻവലിക്കുമെന്ന് കേന്ദ്രമന്ത്രി ജെ.പി.നഡ്ഡ അറിയിച്ചു.

(വോയിസ്)

അതെസമയം, ധർമേന്ദ്ര പ്രധാന്റെ രാജി രാഷ്ട്രപതി ദ്രൗപദി മുർമു സ്വീകരിച്ചു.

*****************************

## JOSHI–EDU MINISTER

കേന്ദ്രമന്ത്രി പ്രൾഹാദ് ജോഷിക്ക് വിദ്യാഭ്യാസ മന്ത്രിയുടെ അധിക ചുമതല നൽകി. ഏറെ വിശ്വസ്തതയോടെ ഈ ഉത്തരവാദിത്തം ഏറ്റെടുക്കുമെന്ന് അദ്ദേഹം പറഞ്ഞു. നിലവിൽ ഉപഭോക്തൃ - പൊതുവിതരണ - പുനരുപയോഗ ഊർജ്ജ മന്ത്രാലയത്തിന്റെ ചുമതലയും ശ്രീ. പ്രൾഹാദ് ജോഷി വഹിക്കുന്നുണ്ട്.

*****************************

## PARLIAMENT – BILL

പൊതു പരീക്ഷകളിലെ ക്രമക്കേടുകൾ തടയുന്നതിനുള്ള ഭേദഗതി ബിൽ, നാളെ ലോക്സഭയിൽ അവതരിപ്പിക്കും. ഇത് സംബന്ധിച്ച , 2024 ലെ നിയമം ഭേദഗതി ചെയ്യുന്നതിനാണ് ബിൽ ലക്ഷ്യമിടുന്നത്. കേന്ദ്ര മന്ത്രി ജിതേന്ദ്ര സിംഗ് ബിൽ അവതരിപ്പിക്കും. ഫാസ്റ്റ് ട്രാക്ക് കോടതികൾ സ്ഥാപിക്കുന്നതിനും ചോദ്യ പേപ്പർ ചോർച്ച, പരീക്ഷാ ക്രമക്കേടുകൾ എന്നിവയിൽ കർശനമായ ശിക്ഷ ഉറപ്പാക്കുന്നതിനുമുള്ള കരട് ബിൽ വെള്ളിയാഴ്ച കേന്ദ്ര മന്ത്രിസഭ അംഗീകരിച്ചിരുന്നു.

*****************************

## MANN KI BAAT

പ്രധാനമന്ത്രി നരേന്ദ്രമോദി ആകാശവാണിയിലൂടെ ജനങ്ങളുമായി ആശയവിനിമയം നടത്തുന്ന പ്രതിമാസ റേഡിയോ പ്രഭാഷണ പരിപാടി 'മൻ കീ ബാത്തി'ന്റെ 136-ാം പതിപ്പ് ഇന്ന് രാവിലെ 11 മണിക്ക്. ഹിന്ദി പ്രക്ഷേപണത്തിന് ശേഷം പ്രാദേശിക ഭാഷകളിൽ പരിപാടി ലഭ്യമാകും. ദൂരദർശനിലൂടേയും ആകാശവാണിയുടെ എല്ലാ നിലയങ്ങളിലൂടെയും പരിപാടി കേൾക്കാം.

****************************

## PRESIDENT VISIT

മോൾഡോവ, നോർത്ത് മാസിഡോണിയ, റൊമാനിയ എന്നീ രാജ്യങ്ങളിലെ ഔദ്യോഗിക സന്ദർശനം പൂർത്തിയാക്കി രാഷ്ട്രപതി ദ്രൗപദി മുർമു ന്യൂഡൽഹിയിൽ തിരിച്ചെത്തി. സന്ദർശന വേളയിൽ, ഈ മൂന്ന് യൂറോപ്യൻ രാജ്യങ്ങളുമായുള്ള ഇന്ത്യയുടെ തന്ത്രപരമായ പങ്കാളിത്തം ശക്തിപ്പെടുത്തുന്നതിനും പരസ്പര താല്പര്യമുള്ള മേഖലകളിൽ സഹകരണം വിപുലീകരിക്കുന്നതിനും ലക്ഷ്യമിട്ടുള്ള ഉന്നതതല ചർച്ചകൾ നടന്നു. മോൾഡോവ, നോർത്ത് മാസിഡോണിയ എന്നിവിടങ്ങളിലേക്കുള്ള ഒരു ഇന്ത്യൻ രാഷ്ട്രപതിയുടെ ആദ്യ സന്ദർശനം, മൂന്ന് പതിറ്റാണ്ടിനു ശേഷമുള്ള റൊമാനിയൻ സന്ദർശനം എന്നിങ്ങനെ നിരവധി ചരിത്ര നാഴികക്കല്ലുകൾ അടയാളപ്പെടുത്തുന്നതായിരുന്നു ഈ സന്ദർശനങ്ങൾ.

****************************

## VIKSIT VIBRANT VILLAGE-PM

'വികസിത് വൈബ്രന്റ് വില്ലേജ്' പരിപാടിയിൽ പങ്കെടുത്ത യുവജനങ്ങളുമായി പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്ന് വീഡിയോ കോൺഫറൻസിംഗിലൂടെ സംവദിക്കും. രാജ്യത്തിന്റെ അതിർത്തി ഗ്രാമങ്ങളെ ഇന്ത്യയുടെ 'പ്രഥമ ഗ്രാമങ്ങളായി' പരിഗണിക്കാനും, വികസിത ഭാരതമെന്ന ലക്ഷ്യത്തിലേക്കുള്ള യാത്രയിൽ അവരെ പങ്കാളികളാക്കാനുമുള്ള ലക്ഷ്യത്തോടെ 'മൈ ഭാരത്' ആണ് പരിപാടി സംഘടിപ്പിച്ചത്.

****************************

## KARGIL DIVAS (INTRO)

രാജ്യത്തിനായി ജീവൻ ബലിയർപ്പിച്ച ധീരസൈനികരെ ആദരവോടെ അനുസ്മരിച്ചു കൊണ്ട് ഇന്ന് 27-ാമത് കാർഗിൽ വിജയ് ദിവസ്. 1999-ലെ കാർഗിൽ യുദ്ധത്തിൽ പാകിസ്ഥാനെതിരെ ഇന്ത്യ നേടിയ

ചരിത്രവിജയത്തെ ഈ ദിനത്തിൽ അനുസ്മരിക്കുന്നു. ഏതു വെല്ലുവിളിയും നേരിടാൻ ഇന്ത്യ സജ്ജമാണെന്ന് രാജ്യരക്ഷാ മന്ത്രി രാജ്നാഥ് സിങ് പറഞ്ഞു. **ഒരു റിപ്പോർട്ട് ...**

(വോയ്സ്)

******************************

## KARGIL DIVAS (VOICE)

ഇന്ത്യൻ ചരിത്രത്തിലെ ഒരു നിർണായക അധ്യായമായിരുന്നു കാർഗിൽ യുദ്ധം. 1999 മെയ് മാസത്തിൽ നിയന്ത്രണരേഖ മറികടന്ന് പാകിസ്ഥാൻ സൈന്യം കാർഗിൽ മേഖലയിലെ ഇന്ത്യൻ സൈനിക പോസ്റ്റുകൾ കൈയേറിയതോടെയാണ് യുദ്ധം ആരംഭിച്ചത്. ഇതിന് മറുപടിയായി ഇന്ത്യൻ സൈന്യം ഓപ്പറേഷൻ വിജയ് ആരംഭിച്ചു. വ്യോമസേന ഓപ്പറേഷൻ സഫേദ് സാഗർ മുഖേനയും നാവികസേന സമുദ്രമേഖലയിൽ വിന്യാസം ശക്തമാക്കിയും സൈന്യത്തെ പിന്തുണച്ചു. രണ്ടുമാസത്തിലേറെ നീണ്ട കനത്ത പോരാട്ടത്തിനൊടുവിൽ ജൂലൈ 26-ന് കാർഗിലിലെ എല്ലാ അധിനിവേശ പ്രദേശങ്ങളും ഇന്ത്യ തിരിച്ചുപിടിച്ചു. 27-ാമത് കാർഗിൽ വിജയ് ദിനാഘോഷങ്ങൾക്ക് ദ്രാസ്സിലെ കാർഗിൽ യുദ്ധ സ്മാരകം ആതിഥേയത്വം വഹിക്കും. ധീരസൈനികർക്ക് രാജ്യരക്ഷാ മന്ത്രി രാജ്നാഥ് സിംഗ് ശ്രദ്ധാഞ്ജലി അർപ്പിക്കും.
**ന്യൂസ് ഡെസ്ക് ആകാശവാണി**

******************************

## SARNATH- UNESCO

പുരാതന ബുദ്ധമതകേന്ദ്രമായ സാരാനാഥ്, യുനെസ്കോയുടെ ലോക പൈതൃക പട്ടികയിൽ ഇടം നേടി. യുനെസ്കോയുടെ ലോക പൈതൃക പട്ടികയിൽ സാരാനാഥിനെ ഉൾപ്പെടുത്തിയത്, ഓരോ ഇന്ത്യക്കാരനും അഭിമാനകരമായ നിമിഷമാണെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി പറഞ്ഞു. ഇന്ത്യയുടെ സാംസ്കാരിക പൈതൃകത്തിന്

നിർണായകമായ നിമിഷമാണിതെന്ന് കേന്ദ്ര സാംസ്കാരിക - ടൂറിസം മന്ത്രി ഗജേന്ദ്ര സിംഗ് ഷെഖാവത്ത് സാമൂഹ്യ മാധ്യമത്തിൽ കുറിച്ചു.

***************************

## BREAK

ഈ വാർത്തകൾ ആകാശവാണിയിൽ നിന്ന്....

(ബ്രേക്ക്)

***************************

## CIVIL AVIATION-AIR SUVIDHA 2.0

'എയർ സുവിധ 2.0' എന്ന പേരിൽ ചില വ്യാജ വെബ്സൈറ്റുകളും പോർട്ടലുകളും,യാത്രക്കാരെ തെറ്റിദ്ധരിപ്പിച്ച് തട്ടിപ്പു നടത്തുന്നതായി കേന്ദ്ര സിവിൽ വ്യോമയാനമന്ത്രാലയം അറിയിച്ചു. എയർ സുവിധ 2.0 സേവനങ്ങൾ പൂർണ്ണമായും സൗജന്യമാണെന്നും സ്വയം സാക്ഷ്യപ്പെടുത്തിയ ഫോം സമർപ്പിക്കുന്നതിന് യാതൊരുവിധ പണവും നൽകേണ്ടതില്ലെന്നും മന്ത്രാലയം വ്യക്തമാക്കി.

***************************

## CENSUS

ദേശീയ സെൻസസ് 2027ന്റെ ഭാഗമായുള്ള വീടുകളുടെ വിവരശേഖരണം കേരളത്തിൽ പുരോഗമിക്കുന്നു. ആദ്യ ഘട്ടത്തിൽ ഭവനങ്ങളുടെയും കെട്ടിടങ്ങളുടെയും കണക്കെടുപ്പാണ് ആരംഭിച്ചത്. സെൽഫ് എന്യൂമറേഷൻ നടത്താത്ത കുടുംബങ്ങളുടെ വിവരങ്ങൾ എന്യുമറേറ്റർമാർ നേരിട്ട് രേഖപ്പെടുത്തും. ജൂലൈ 31 വരെയാണ് എന്യുമറേഷൻ.

***************************

## GOLD SMUGGLING – DRI

സ്വർണ്ണക്കടത്തിനെതിരെ ഡയറക്ടറേറ്റ് ഓഫ് റവന്യൂ ഇന്റലിജൻസ് രാജ്യവ്യാപകമായി നടത്തിയ പരിശോധനകളിൽ 27 കിലോഗ്രാം സ്വർണ്ണം പിടിച്ചെടുത്തു. 12 പേർ അറസ്റ്റിലായി. വിമാനങ്ങളിലെ ശൗചാലയങ്ങൾ, വാഹനങ്ങളിലും പാത്രങ്ങളിലും പ്രത്യേകം തയാറാക്കിയ അറകൾ എന്നിവയ്ക്ക് പുറമെ ശരീരത്തിൽ ഒളിപ്പിച്ച നിലയിലും സ്വർണം കടത്താനുള്ള ശ്രമവും ഡി ആർ ഐ തടഞ്ഞു. കൊച്ചിയിലും ഗുവാഹത്തിയിലുമായി രണ്ട് വ്യത്യസ്ത പരിശോധനകളിൽ ഏകദേശം രണ്ട് കിലോഗ്രാം വിദേശ സ്വർണ്ണം ഡിആർഐ പിടികൂടിയിരുന്നു.

*****************************

## IT EDUCATION – MINISTER N. SHAMSUDHEEN

നിർമിത ബുദ്ധി സാങ്കേതികമേഖലയിൽ കാലാനുസൃതമായി വരുത്തുന്ന മാറ്റങ്ങൾ ഉൾകൊണ്ട് പൊതുവിദ്യാലയങ്ങളിലെ ഐ ടി പഠനവും പരിഷ്ക്കരിക്കുമെന്നു മന്ത്രി എൻ.ഷംസുദ്ദീൻ. കൈറ്റ് മുഖേന നടപ്പാക്കുന്ന 'ഡിജിറ്റൽ സ്ക്വയർ' പദ്ധതി ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. സാങ്കേതികവിദ്യ കുട്ടികൾക്ക് ലഭ്യമാക്കുന്നതോടൊപ്പം ഡിജിറ്റൽ സുരക്ഷയും പദ്ധതിയിലൂടെ ഉറപ്പാക്കും. ഇതിനായി സ്കൂളുകളിൽ സൈബർ സേഫ്റ്റി കമ്മിറ്റികൾ രൂപീകരിക്കുമെന്നും മന്ത്രി അറിയിച്ചു.

*****************************

## TURIYAM MUSIC FESTIVAL-KANNUR (INTRO)

കണ്ണൂർ പയ്യന്നൂരിൽ നടന്നുവരുന്ന ഇരുപത്തിയൊന്നാമത് തുരീയം സംഗീതോത്സവത്തിന് ഇന്ന് സമാപനം. പോത്താങ്കണ്ടം ആനന്ദ ഭവനത്തിൻറെ നേതൃത്വത്തിലാണ് 41 ദിവസത്തെ സംഗീതോത്സവം.

**കണ്ണൂരിൽ നിന്ന് ആകാശവാണി ജില്ലാ പ്രതിനിധി കെ.ഒ.ശശിധരൻ തയ്യാറാക്കിയ റിപ്പോർട്ട്....**

(വോയ്സ്)

******************************

## RAIN KERALA

കേരളത്തിൽ നാളെ മുതൽ മഴ ശക്തിപ്രാപിക്കും. ആറ് ജില്ലകളിൽ കേന്ദ്ര കാലാവസ്ഥാ വകുപ്പ് നാളെ മഞ്ഞ ജാഗ്രത മുന്നറിയിപ്പ് നൽകി. വടക്കുപടിഞ്ഞാറൻ ബംഗാൾ ഉൾക്കടലിലും അതിനോട് ചേർന്നുള്ള പശ്ചിമ ബംഗാൾ - വടക്കൻ ഒഡീഷ തീരങ്ങൾക്കും മുകളിലായി ന്യൂനമർദ്ദം രൂപപ്പെട്ടു. വരും ദിവസങ്ങളിൽ ഇത് കൂടുതൽ ശക്തി പ്രാപിക്കാൻ സാധ്യതയുണ്ട്.

******************************

## SQUASH

കാനഡയിൽ നടന്ന ലോക സ്ക്വാഷ് ജൂനിയർ ചാമ്പ്യൻഷിൽ പെൺകുട്ടികളുടെ സിംഗിൾസ് വിഭാഗത്തിൽ ഇന്ത്യൻ താരം അനാഹത് സിംഗിന് കിരീടം. ഈജിപ്റ്റിന്റെ റുഖയ്യ സലീമിനെ 3-0 ന് തോൽപിച്ചാണ് അനാഹത് ജൂനിയർ ലോക കിരീടം സ്വന്തമാക്കിയത്. ഇതോടെ ഈ വിഭാഗത്തിൽ കിരീടം നേടുന്ന രാജ്യത്തെ ആദ്യ സ്ക്വാഷ് താരമായി 18 കാരിയായ അനാഹത് മാറി.

******************************

## T-20 CRICKET

ഇന്ത്യ - സിംബാബ്വെ ടി-20 ക്രിക്കറ്റ് പരമ്പരയിലെ അവസാന മത്സരം ഇന്ന്. വൈകിട്ട് 4.30 ന് ഹരാരയിലാണ് മത്സരം. ഇന്നലെ നടന്ന മത്സരത്തിൽ 90 റണ്ണിന് ഇന്ത്യ വിജയിച്ചു. മൂന്ന് മത്സരങ്ങളുള്ള പരമ്പരയിൽ ഇന്ത്യ 2-0 ത്തിന് മുന്നിലാണ്.

******************************

## NTA-VACANCIES

ജനറൽ മാനേജർ തസ്തികയിലേക്ക് പ്രൊഫഷണലുകളെ നിയമിക്കുന്നതിന് ഔദ്യോഗിക വിജ്ഞാപനം പുറപ്പെടുവിച്ച് നാഷണൽ ടെസ്റ്റിങ് ഏജൻസി. UPSC 'പ്രതിഭാ സേതു' പോർട്ടൽ വഴി 16 യുവ പ്രൊഫഷണലുകളെ കരാർ അടിസ്ഥാനത്തിൽ നിയമിക്കുന്നതിനുള്ള നടപടികളും ആരംഭിച്ചിട്ടുണ്ട്. പ്രൊഫ.കെ.രാധാകൃഷ്ണൻ അധ്യക്ഷനായ ഉന്നതതല വിദഗ്ധ സമിതിയുടെ ശുപാർശകൾക്ക് അനുസൃതമായാണ് തീരുമാനം.

**********************************************************************
************************************************